بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON/വെള്ളിയാഴ്ച ഖുത്തുബ**
*Hazrat Khalifatullah Munir. A. Azim (atba)*
**25 September 2020 / 07 Safar 1442 AH**

## *Duahs (Invocations) (Pt.* 12/ ദുആകൾ (ഭാഗം -12)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ദുആകൾ എന്ന വിഷയത്തെക്കുറിച്ചുള്ള 12-ാം മത്തെ പ്രഭാഷണമാണിത്. തീർച്ചയായും അല്ലാഹു(ത)യുടെ അതിമഹത്തായ അനുഗ്രഹം തന്നെയാണ് ഇത്. ഇന്ന് ഞാൻ, വിശുദ്ധഖുർആനിൽ വന്നിട്ടുള്ള ഏതാനും ദുകളാണ് നിങ്ങളുടെ മുൻപാകെ വെയ്ക്കുന്നത്. പ്രാർത്ഥനയുമായി ബന്ധപ്പെട്ട എല്ലാ ചലനങ്ങളും (നമസ്ക്കാരത്തിലാകട്ടെ, ദുആകളിലാകട്ടെ) ദൈവത്തിന്റെ സമക്ഷം അങ്ങേയറ്റം വിനയാന്വിതമായിട്ടായിരിക്കണം സമർപ്പിക്കേണ്ടത്. നാവും, ഹൃദയവും, ശരീരവും, ആത്മാവും, ദൈവമഹത്വം പ്രകീർത്തനം ചെയ്യുവാൻ ഒരുമിച്ചു ചേരേണ്ടതായിട്ടുണ്ട്. അവന്റെ മഹത്വവും തേജസ്സും പുക്ഴത്തുന്നതിനായി വാക്കും, പ്രവർത്തിയും അങ്ങേയറ്റം വിനയത്തിന്റെയും, കഴിവില്ലായ്മയുടെയും അവസ്ഥയിലായിരിക്കണം. വിശുദ്ധഖുർആനിൽ അല്ലാഹു(ത) അവന്റെ പ്രവാചകന്മാരിലൂടെ നമുക്ക് അനേകം ദുആകൾ നല്കി അനുഗ്രഹിച്ചിരിക്കുന്നു. ഇന്ന് ഞാൻ, വിശുദ്ധഖുർആനിൽ വന്ന, അത്തരത്തിലുള്ള ഏതാനും ദുആകളാണ് നിങ്ങൾക്കായി സമർപ്പിക്കുന്നത്.

**ഇഹലോകജീവിതവും പരലോകജീവിതവും നന്നാകുന്നതിനായി:**

1. "ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇഹലോകജീവിതവും പരലോകജീവിതവും ഞങ്ങൾക്ക് നല്ലതാക്കിതരേണമെ! നരകശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്തു രക്ഷിക്കേണമെ" (2:202) 2. "ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ്മ പ്രദാനം ചെയ്യേണമെ! ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങള നേതാവാക്കേണമെ"(25:75) 3. "നീ എന്റെമേൽ ചൊരിയുന്ന ഏതൊരു നന്മയ്ക്കും ഞാൻ വളരെ ആവശ്യക്കാരനാണ് നാഥാ." 4."ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞുതരികയും ഞങ്ങളുട പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും അവിശ്വാസികൾക്കെതിരായി ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമെ" (2:251) 4."എന്റെ നാഥാ! നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്നെ അനുഗ്രഹത്തിന് നന്ദി നിർവ്വഹിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുവാനും എന്നെ അനുഗ്രഹിക്കുകയും നിന്റെ കാരുണ്യം കൊണ്ട് നിന്റെ സദ്വൃത്തരായ ദാസ

ന്മാരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമെ" (27:20) 5. "ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ പൊറുത്തു തരേണമെ. ഞങ്ങൾക്ക് മുമ്പേ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും പൊറുത്തു കൊടുക്കേണമെ. സത്യവിശ്വാസികളുടെ നേരെ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും ജനിപ്പിക്കരുതേ! ഞങ്ങളുടെ നാഥാ! തീർച്ചയായും നീ കൃപാലുവും കരുണാമയനുമാകുന്നു." (59:11)

**ഈ ലോകത്ത് പൊതുവെ നന്മ ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രാർത്ഥനകൾ**: 1. "സർവ്വാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നല്കുന്നു; നീ ഉദ്ദേശിക്കുന്നവരിൽ നിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നല്കുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കയ്യിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. നീ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. നിർജീവമായതിൽ നിന്ന് ജീവനുള്ളതിനെയും ജീവനുള്ളതിൽ നിന്ന് നിർജ്ജീവമായതിനെയും നീ ഉൽഭവിപ്പിക്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നല്കുന്നു." (3:27, 28)

**മാതാപിതാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന**: 1. "എന്റെ നാഥാ! അവർ രണ്ടു പേരും എന്നെ ചെറുപ്രായത്തിൽ പോറ്റി വളർത്തിയതുപോലെ നീയും അവർക്ക് കരുണ ചെയ്യേണമെ" (17: 25)

**നിങ്ങൾക്ക് കുഞ്ഞുങ്ങൾ വേണമെന്ന് ആവശ്യമുള്ളപ്പോൾ** : 1. "എന്റെ നാഥാ!എന്നെ തനിയെ വിട്ടുകളയരുതേ! നീ അവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു." (21:90) 2. "ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചു. ഈ ദൂതനെ ഞങ്ങൾ പിന്തുടരുകയും ചെയ്തിരിക്കുന്നു. അതിനാൽ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തേണമെ." (3:54)

**നരകശിക്ഷയിൽ നിന്നുള്ള മോചനത്തിനായി** : "ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്ന് നരകശിക്ഷയെ തിരിച്ചു വിടേണമെ! അതിന്റെ ശിക്ഷ വളരെ നാശകരമാണ്. അത് താത്ക്കാലിക സ്ഥലമെന്ന നിലയ്ക്കും സ്ഥിരവാസസ്ഥലമെന്ന നിലക്കും വളരെ ചീത്തയാണ്" (25:66,67)

**നരകമോചനത്തിനും മാപ്പിനുമായുള്ള പ്രാർത്ഥന** : "ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്ക് പൊറുത്തു തരേണമെ, നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമെ" (3:17)

**ദുർവൃത്തരും ശത്രുക്കളും ഒഴിവായി കിട്ടുന്നതിനുള്ള പ്രാർത്ഥന** : "എന്റെ നാഥാ! അതിക്രമകാരികളായ ആളുകളുടെ ഉപദ്രവത്തിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. അവർ എന്റെ അടുക്കൽ വരുന്നതിൽ നിന്നും ഞാൻ നിന്നെ അഭയം തേടുന്നു" (23:98, 99) "എന്റെ നാഥാ, നീ എന്നെ നമസ്ക്കാരം നല്ലപോലെ നിർവഹിക്കുന്നവനാക്കേണമെ, എന്റെ സന്തതികളിൽ നിന്നുള്ള (എല്ലാ ഓരോരുത്തരെയും നമസ്ക്കാരം നല്ലപോലെ നിർവഹിക്കുന്നവരാക്കേ

ണമെ!) ഞങ്ങളുടെ നാഥാ, എന്റെ പ്രാർത്ഥന സ്വീകരിച്ചാലും! ഞങ്ങളുടെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യ വിശ്വാസികൾക്കും, വിചാരണ നിലവിൽ വരുന്ന നാളിൽ പൊറു ത്തുതരേണമെ!" (14:41,42)

**മാപ്പിനും, ക്ഷമയ്ക്കും, സഹായത്തിനുമായുള്ള പ്രാർത്ഥന** : "ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിന് ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ! നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമെ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്ര ഹദാതാവ്" (3:9) "ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളെയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തെയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമെ! ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർ ത്തേണമെ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമെ" (3:148)

**യാത്ര ആരംഭിക്കുന്നതിനു മുൻപുള്ള പ്രാർത്ഥന** : "എന്റെ നാഥാ! നീ എന്നെ അനുഗ്രഹപൂർണ്ണമായ അവസ്ഥയിൽ ഇറക്കേണമെ; നീ ഇറക്കുന്നവരിൽ വച്ച് ഏറ്റവും ഉത്തമാനണല്ലോ" (23:30) "എന്റെ അല്ലാഹ്, അനുഗൃഹീതമായ വഴിയിലൂടെ നീ എന്നെ ലക്ഷ്യത്തിലെത്തിക്കേണമെ! ജനങ്ങളെ ലക്ഷ്യത്തിലെത്തിക്കുന്ന വരിൽ നീ ഏറ്റവും ഉത്തമനായവനാണല്ലോ"

ഇൻശാ അല്ലാഹ്! ഇന്ന് ഞാനിത് ഇവിടെ അവസാനി പ്പിക്കുകാണ്. അടുത്ത ആഴ്ചയിലും ഇതേവിഷയം തുടരു വാനുള്ള തൗഫീ ഖിനായി ദുആ ചെയ്യുന്നു.(വിശുദ്ധഖുർആനിലെ ദുആകൾ) ഞാൻ ഈ വാക്കുകൾ കൊണ്ട് ഇതിന് വിരാമ മിടുകയാണ്; നമസ്ക്കാര ത്തിലുടനീളം പ്രാർത്ഥനകളിലുട നീളം ആരാണോ കണ്ണുനീർ പൊഴിച്ചു കൊണ്ടിരിക്കുന്നത്, അവൻ സമാധാനം കണ്ടെത്തു കതന്നെചെയ്യും. ഒരു കുട്ടിയെപോലെ, പ്രസ്തുത കുഞ്ഞ് തന്റെ മാതാവിന്റെ കരങ്ങളിലിരുന്നു കരഞ്ഞാൽ, ഖേദപ്രകടനം നടത്തി യാൽ, അവന്റെ മാതാവിന്റെ കരസ്പ ർശനത്താൽ, ആ സാന്ത്വന വാക്കുകളാൽ, സ്നേഹത്താൽ, അനുകമ്പയാൽ, സാന്ത്വന മേകപ്പെടുന്നതാണ്. അതേ നിലയിൽ ആരാണോ ദൈവസവിധം വിലപിക്കുന്നത്, അവന് ആവശ്യമായ വിഭവങ്ങളും അനുകമ്പയും ദൈവത്തിൽ നിന്നും ലഭിക്കുന്നതാണ്.

നിങ്ങളുടെ നമസ്ക്കാരങ്ങളിലും, പ്രാർത്ഥനകളിലും അല്ലാഹു(ത) നിങ്ങൾക്ക് സന്തോഷം പകരട്ടെ! നിങ്ങളുടെ പ്രാർത്ഥനകൾ നിങ്ങളുടെതന്നെ പ്രയോജനത്തിനും, മുഹമ്മദീ ഉമ്മത്തിന്റെ പ്രയോജനത്തിനും, സർവോപരി മാനകുലത്തിനാകമാനം പ്രയോജനകരമായി തീരട്ടെ! ഇൻശാ അല്ലാഹ്! ആമീൻ!

***Translated by : Fauzia Jamal Zain***
***Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***